JANAYUGOM 01.01.2018

# കാർഷിക സമൃദ്ധിയുടെ സൂര്യോദയം വിളംബരം ചെയ്ത് വൈഗ സമാപിച്ചു

**സ്വന്തം ലേഖകൻ**

തൃശൂർ: പുതിയൊരു കാർഷിക സമൃദ്ധിയുടെ സൂര്യോദയം വിളംബരം ചെയ്ത് കാർഷികോത്പന്ന സംസ്കരണം-മൂല്യ വർദ്ധനവ് ആസ്പദമാക്കി കൃഷി വകുപ്പ് സംഘടിപ്പിച്ച അന്താരാഷ്ട്ര പ്രദർശനവും ശില്പശാലയുമായ വൈഗ 2017 സമാപിച്ചു. ഡിസംബർ 27 മുതൽ അഞ്ച് ദിവസം നീണ്ടു നിന്ന ശില്പശാല കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, സമേതി തുടങ്ങിയവർ സംയുക്തമായാണ് സംഘടിപ്പിച്ചത്. അഞ്ചു ദിവസങ്ങളിലായി ഏകദേശം അഞ്ചു ലക്ഷത്തോളം ആളുകളാണ് വൈഗ സന്ദർശിച്ചത്. സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ ഏജൻസികൾ, യുവസംരഭകരുടേതടക്കം 300 ൽ പരം സ്റ്റാളുകളാണ് പ്രദർശന നഗരിയിൽ ഒരുക്കിയിരുന്നത്.

കർഷകരെ കാർഷിക സംരംഭകരാക്കുകയെന്ന കൃഷി മന്ത്രി വി എസ് സുനിൽകുമാറിന്റെ കാഴ്ചപ്പാട് അന്വർത്ഥമാക്കുന്ന പ്രതികരണമായിരുന്നു കർഷകരും കൃഷിയെ സ്നേഹിക്കുന്നവരും മേളയിൽ പ്രകടിപ്പിച്ചത്. നാലാം ദിവസം നടന്ന യുവസംരംഭക സെമിനാറിൽ 460 ഓളം യുവ കാർഷിക സംരംഭകർ പ്രതിനിധികളായത് യുവ കേരളം കൃഷിയെ ഏറ്റെടുക്കാൻ തയ്യാറാകുന്നതിന്റെ സൂചനയാണെന്ന് കൃഷി മന്ത്രി പറഞ്ഞു. വിപണന സാധ്യതകൾ, കയറ്റുമതി സാധ്യതകൾ, സംയോജിത പദ്ധതികൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിന് വൈഗ 2017 ൽ പങ്കെടുത്ത വിദേശ പ്രതിനിധികളുമായി ചർച്ചയും സംഘടിപ്പിച്ചിരുന്നു. പങ്കെടുത്ത രാജ്യങ്ങളെല്ലാം കേരളവുമായി പല മേഖലകളിലും സഹകരിച്ച് പ്രവർത്തിക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ചിക്കുകയും ചെയ്തിട്ടുണ്ട്. പല രാജ്യങ്ങളിലും ആകർഷകമായ പാക്കിംഗ്, ക്യു ആർ കോഡ് ട്രാക്കിങ്ങ് തുടങ്ങി വിപണന തന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇവയെല്ലാം കേരളത്തിലെ സംരഭകകേന്ദ്രങ്ങളിലും നടപ്പിലാക്കാൻ സാധിക്കുന്നവയാണെന്ന് മേള വിലയിരുത്തി. വൈഗയുടെ പ്രധാന വിഷയങ്ങളായ തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ, നാളികേരം എന്നിവയുടെ മൂല്യവർദ്ധിതമേഖലയിൽ സമഗ്രവികസനം കൊണ്ടുവരാനാണ് വൈഗ തീരുമാനിച്ചിട്ടുള്ളത്. നാല് മേഖലയിലും വിശദമായ പദ്ധതി രൂപീകരണത്തിനായി ഒരു കോ ഓർഡിനേഷൻ സംവിധാനം ഉടൻ തന്നെ രൂപീകരിക്കുവാൻ തീരുമാനിച്ചു. നാളികേരത്തിന്റെ സമഗ്രവികസനത്തിനായി കൃഷിമന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ ഉടൻ തന്നെ രൂപീകരിക്കും. ബാക്കി മൂന്ന് വിഷയങ്ങളെ ആസ്പദമാക്കി കാർഷികോത്പാദന കമ്മീഷണർ ചെയർമാനായി കോഓർഡിനേഷൻ കമ്മറ്റികൾ രൂപീകരിക്കുന്നതിനും തീരുമാനമെടുത്തു. പദ്ധതികൾ , നിലവിലുള്ള പദ്ധതിയുടെ പോരായ്മകൾ, പദ്ധതി നിർദ്ദേശങ്ങൾ എന്നിവ ഓരോ ഏജൻസിയും തയ്യാറാക്കി ജനുവരി 15 നു മുൻപായി സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഒരു വർക്ക്ഷോപ്പ് നടത്തി പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദമായ തീരുമാനം എടുക്കുന്നതായിരിക്കും. വിശദമായ പ്രോജക്റ്റ് ഫെബ്രുവരിയിൽ നിയമസഭയുടെ അംഗീകാരത്തോടെ, 2018 ജൂൺ മാസം പദ്ധതി സമാരംഭിക്കത്തക്ക തരത്തിൽ മുന്നോട്ട് നീക്കുന്നതിനും തിരുമാനമെടുത്തു.

മറ്റേതു മേഖലയെക്കാളും തൊഴിൽ സാധ്യത കാർഷിക മേഖലയിലാണുള്ളതെന്ന് സമാപന സമ്മേളനത്തിൽ കൃഷി മന്ത്രി അഡ്വ. വി എസ്സ് സുനിൽകുമാർ പറഞ്ഞു. കർഷകരെ കാർഷിക സംരഭകരാക്കി മാറ്റുക എന്നതാണ് വൈഗയുടെ ആത്യന്തിക ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. കാർഷിക മേഖലക്ക് പുതിയ ദിശാബോധം നൽകുവാൻ ശിൽപ്പശാലക്ക് കഴിഞ്ഞതായി വിവിധ പുരസ്കാര വിതരണങ്ങളുടെ വിതരണം നിർവ്വഹിച്ചു കൊണ്ട് വ്യവസായ വകുപ്പ് മന്ത്രി എ സി മൊയ്തീൻ അഭിപ്രായപ്പെട്ടു. കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായ സംരഭങ്ങൾക്ക് ഏറ്റവും പ്രാധാന്യം നൽകിക്കൊണ്ട്, വ്യവസായ വകുപ്പ് അനുമതികൾ നൽകുമെന്നും മന്ത്രി പറഞ്ഞു.